## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1821 — 22.03.2012-ൽ മറുപടിയ്ക്ക്

**<u>ഓറിയന്റ് ഇംപോർട്ടേഴ്സ് ആന്റ് എക്സ്പോർട്ടേഴ്സ് എന്ന സ്വകാര്യ സ്ഥാപന ഉടമകളുടെ തട്ടിപ്പ്</u>**

| ചോദ്യം<br>ശ്രീ.വി.ശിവൻകുട്ടി | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) തിരുവനന്തപുരത്ത് കിള്ളിപ്പാലം എന്ന സ്ഥലത്ത് പ്രവർത്തിച്ചിരുന്ന ഓറിയന്റ് ഇംപോർട്ടേഴ്സ് ആന്റ് എക്സ്പോർട്ടേഴ്സ് എന്ന സ്വകാര്യ സ്ഥാപനത്തിന്റെ ഉടമകൾ നിക്ഷേപകരിൽ നിന്ന് നാൽപതു കോടിയോളം രൂപ തട്ടിയെടുത്തതിനെ സംബന്ധിച്ച് മുഖ്യമന്ത്രിക്ക് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പരാതിയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) ഓറിയന്റ് ഇംപോർട്ടേഴ്സ് ആന്റ് എക്സ്പോർട്ടേഴ്സ് എന്ന സ്ഥാപനത്തിൽ 10% പലിശയ്ക്ക് പണം നിക്ഷേപിച്ച നിക്ഷേപകർക്ക് പണമോ പലിശയോ തിരികെ ലഭിക്കാത്തതു സംബന്ധിച്ച് സിവിൽ കേസുകൾ നിലവിലുള്ളതും, ഇവരുടെ പരാതിയിന്മേൽ 8 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം ഊർജ്ജിതമായി നടത്തി വരുകയും ചെയ്യുന്നു.. |
| (സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കരമന പോലീസ് സ്റ്റേഷനിൽ എട്ടോളം ചീറ്റിംഗ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടും നാളിതുവരെ ആയതിൽ യാതൊരു പുരോഗതിയും ഉണ്ടാകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസുകളുടെ അന്വേഷണം ഊർജ്ജിതപ്പെടുത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.